## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4079 — 21.10.2016 ൽ മറുപടിയ്ക്ക്

## മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രമോഷൻ

ചോദ്യം — ഉത്തരം

ശ്രീ.അനൂപ് ജേക്കബ് — ശ്രീ.എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ മന്ത്രി )

| | | | |
|---|---|---|---|
| (എ) | ഗതാഗതവകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് എ.എം.വി.ഐ. ആയി പ്രമോഷൻ നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട് . |
| (ബി) | ഉണ്ടെങ്കിൽ എത്രപേർക്ക് എ.എം.വി.ഐ. ആയി പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 58 പേർ . |
| (സി) | മിനിസ്റ്റീരിയൽ സ്റ്റാഫിന് എ.എം.വി.ഐ. ആയി പ്രമോഷൻ നല്കാൻ വേണ്ടുന്ന യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | 7.04.2008-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ജി.ഒ. (പി) നം. 16/2008/ട്രാൻ പ്രകാരം മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനു താഴെ പറയുന്ന യോഗ്യതകൾ നിഷ്കർഷിക്കുന്നു.<br>1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.<br>2. 1. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന മൂന്ന് വർഷ ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് അഥവാ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ; അല്ലെങ്കിൽ |

| | | | |
|---|---|---|---|
| | | | 2. 2 (1) ഖണ്ഡികയിൽ പറയും പ്രകാരമുള്ള കേന്ദ്ര – സംസ്ഥാന സർക്കാർ അംഗീകൃത യോഗ്യത.<br><br>3. മുകളിൽ പറയും പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത നേടിയതിനു ശേഷം ഒരു സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ നിന്നുമുള്ള ഒരു വർഷത്തെ ഫുൾ ടൈം വർക്ക്ഷോപ്പ് പ്രവർത്തി പരിചയം.<br><br>4. മോട്ടോർ സൈക്കിൾ, ഹെവി ഗുഡ്സ് വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നിവ ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ്.<br><br>5. ശാരീരിക യോഗ്യത – പുരുഷന്മാർക്ക് 165 സെ.മീ. സ്ത്രീകൾക്ക് 152 സെ. മീ. ഉയരം, 5 സെ.മീ. വികാസത്തോടുകൂടി 81 സെ. മീ. (നെഞ്ചളവ് സ്ത്രീകൾക്ക് ബാധകമല്ല), നേർ കാഴ്ചയോഗ്യത.<br><br>6. അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഉം മോട്ടോർ വാഹന നിയമവും ജയിച്ചിരിക്കണം.<br><br>7. മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ 3 വർഷത്തെ പ്രവർത്തി പരിചയം. |
| (ഡി) | മിനിസ്റ്റീരിയൽ ജോലിയിൽ ഇരിക്കെ എ.എം.വി.ഐ. ആയി പ്രമോഷൻ ലഭിക്കുന്നതിന് വേണ്ടുന്ന യോഗ്യത നേടുന്നതിനുവേണ്ടി ആരൊക്കെ പഠനാവധി എടുത്തിട്ടുണ്ടെന്ന് | (ഡി) | മിനിസ്റ്റീരിയൽ ജോലിയിൽ ഇരിക്കെ എ.എം.വി.ഐ. ആയി പ്രമോഷൻ ലഭിക്കുന്നതിന് വേണ്ടുന്ന യോഗ്യത നേടുന്നതിനായി ക്ലാർക്കുമാരായ ശ്രീ.ഷിനു.പി.എ., ശ്രീ.ബൈജു.എൽ., |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ ; | | ശ്രീ.ഉല്ലാസ്.ഡി.ചരലേൽ, ശ്രീ.അനൂപ്. എസ്.പി., ശ്രീ.വിപിൻലാൽ.വി.ഐ., ശ്രീ.മനോജ്, ശ്രീ.ബെറിൽ.എ.ഇസഡ്., ശ്രീ.സോണി സോളമൻ, ശ്രീ.ശ്രീറാം, ശ്രീ.മെർവിൻ ജോൺ, ശ്രീ.മധു.കെ.സി എന്നിവരും അറ്റന്റററായ ശ്രീ.മുരളീധരനും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.ഷീബയും പഠനാവധി എടുത്തിട്ടുണ്ട്. |
| (ഇ) | ഇത്തരത്തിൽ നേടിയിട്ടുള്ള യോഗ്യതകൾ ഉണ്ടെങ്കിൽ ആയത് എ.എം.വി.ഐ. പ്രമോഷന് ആവശ്യമായ സർട്ടിഫിക്കറ്റ് ആണോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | (ഇ) | എ.എം.വി.ഐ. പ്രമോഷന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ പരിശോധിയ്ക്കാറുണ്ട്. ജീവനക്കാർ ഹാജരാക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെയും, വർക്ക്ഷോപ്പ് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെയും ആധികാരികതയും പരിശോധിയ്ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ